# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: T 1386

03-10-2016 -ൽ മറുപടിക്ക്

## ദേശീയ ജലപാതയുടെ ആഴം

ചോദ്യം

ശ്രീ. ആർ. രാമചന്ദ്രൻ

(എ) ദേശീയ ജലപാതയുടെ ഭാഗമായ ടി.എസ് കനാലിന്റെ അതിരുകളിലുള്ള കരിങ്കൽ ഭിത്തികൾ ഇടിഞ്ഞ് സമീപത്തെ കരഭാഗം നഷ്ടപ്പെടുന്നതായും ജലപാതയുടെ ആഴം കുറയുന്നതായും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) കരുനാഗപ്പള്ളി നിയോജക മണ്ഡല ത്തിൽ ടി.എസ് കനാലിന്റെ ഇരുകരകളിലു മുള്ള അതിരുകളിൽ കരിങ്കൽ ഭിത്തി കെട്ടാത്ത ഭാഗങ്ങൾ എത്ര മീറ്റർ ഉണ്ടെന്ന് വ്യക്തമാക്കുമോ; ഈ പ്രദേശങ്ങളിൽ സമീപ വാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഭാഗങ്ങൾ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരി ക്കുമോ?

മറുപടി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) യും (ബി) യും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത(NW-III) യുടെ ഭാഗമായ ടി. എസ് കനാലിന്റെ ഭാഗങ്ങളിലെ സംരക്ഷണ പ്രവൃത്തികൾ കേന്ദ്രസർക്കാർ സ്ഥാപനമായ **Inland Waterways Authority of India (IWAI)** യുടെ അധീനത യിൽ നേരിട്ടാണ് നടത്തി വരുന്നത്. ഇപ്പോൾ ഈ ഭാഗങ്ങളിൽ ആഴം കൂട്ടലും സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതുമായ പ്രവൃത്തികൾ നടന്നുവരുന്നു. കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ടി. എസ്. കനാലിന്റെ കരകളിൽ സംരക്ഷണ ഭിത്തി ഇല്ലാത്തതുമൂലമുള്ള പ്രശ്നങ്ങൾ **Inland Waterways Authority of India (IWAI)** യുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ